LIBRARY ARCHIVES Kerala Legislative Assembly

**തോട്ടഭൂമിയിൽ വ്യവസായ പാർക്ക്**

170 (1900) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടഭൂമികളിൽ സ്വകാര്യ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് ഭൂപരിഷ്കരണ നിയമങ്ങളിൽ ഇളവുകൾ വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

1-1-1970-നുശേഷം ഒരാളും പരിധിയിൽ കൂടുതൽ ഭൂമി കൈവശം വയ്ക്കുവാൻ പാടില്ലെന്ന് കേരള ഭൂപരിഷ്കരണ നിയമത്തിലെ 83-ാം വകുപ്പിൽ പരാമർശിക്കുന്നു. എന്നാൽ പൊതുതാൽപര്യമുള്ള കേസുകളിൽ വ്യാവസായിക ആവശ്യമുൾപ്പെടെയുള്ള ചില കാര്യങ്ങൾക്ക് സർക്കാരിന്റെ അനുമതിക്ക് വിധേയമായി കേരള ഭൂപരിഷ്കരണ നിയമം 81(3)-ാം വകുപ്പ് പ്രകാരം ഭൂപരിധിയിൽ ഒഴിവ് നൽകി സർക്കാരിന് വിജ്ഞാപനം പുറപ്പെടുവിക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) വിശദാംശം ലഭ്യമാക്കാമോ?

കേരള ഭൂപരിഷ്കരണ നിയമം 1963 വകുപ്പ് 81(3) ൽ (a) ഏതെങ്കിലും ഭൂമി ഏതെങ്കിലും പ്രത്യേക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതുകൊണ്ടോ (b) ഏതെങ്കിലും ഭൂമി തോട്ടമായി മാറ്റുന്നതിനോ അഥവാ നിലവിലുള്ള ഒരു തോട്ടത്തിന്റെ വികസനത്തിനോ പരിരക്ഷണത്തിനോ ആയുള്ള ആവശ്യത്തിനായോ അഥവാ വാണിജ്യപരമോ വ്യവസായികമോ, വിദ്യാഭ്യാസപരമോ ധർമ്മാത്മപരമോ ആയ ആവശ്യത്തിനായോ യഥാർത്ഥത്തിൽ ആവശ്യമായതു കൊണ്ടോ, പൊതുതാൽപ്പര്യാർത്ഥം അങ്ങനെ ചെയ്യേണ്ടത് ആവശ്യമാണെന്ന് ബോദ്ധ്യം വരുന്ന പക്ഷം ഗവൺമെന്റിന് ഗസറ്റിൽ പരസ്യപ്പെടുത്തിക്കൊണ്ട് ഈ അദ്ധ്യായത്തിലെ വ്യവസ്ഥകളിൽ നിന്ന് അങ്ങനെയുള്ള ഭൂമിയെ, അവർക്ക് ചുമത്താൻ യുക്തമെന്ന് തോന്നുന്ന നിയന്ത്രണങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി ഒഴിവാക്കാവുന്നതാണ്.

**കാർഷികോൽപ്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള സംരംഭങ്ങൾ**

171 (1901) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളിലും, വ്യവസായ വകുപ്പിന്റെ കീഴിൽ ഓരോ കാർഷികോൽപ്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള സംരംഭങ്ങൾ ആരംഭിക്കാൻ സർക്കാർ നിശ്ചയിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

നിശ്ചയിച്ചിട്ടുണ്ട്. ഒരു ജില്ല ഒരു ഉൽപ്പന്നം എന്ന സമീപനം സ്വീകരിച്ചുകൊണ്ട് ഭക്ഷ്യ സംസ്കരണ മേഖലയിലെ സംരംഭങ്ങളുടെ ഉന്നമനത്തിനായി കേന്ദ്ര സർക്കാരിന്റെ ഭക്ഷ്യ സംസ്കരണ മന്ത്രാലയം മുഖേന സംസ്ഥാന സർക്കാരുമായി സഹകരിച്ച് പ്രധാനമന്ത്രി ഭക്ഷ്യ സംസ്കരണ വ്യവസായ ഉന്നമന പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

(ബി) പാലക്കാട് ജില്ലയ്ക്ക് നിശ്ചയിച്ചിരിക്കുന്ന, വാഴയ്ക്ക അടിസ്ഥാനമാക്കിയുള്ള സംരംഭകർക്ക് ഈ പദ്ധതി തുടങ്ങുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും പരിശീലന പരിപാടികളും നൽകാൻ തീരുമാനിച്ചിട്ടുണ്ടോ?

സംരംഭകർക്കാവശ്യമായ പരിശീലനം നൽകുന്നതിലേയ്ക്കായി എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ഓരോ ജില്ലാ റിസോഴ്സ് പേഴ്സണുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. പാലക്കാട് ജില്ലയിൽ 3 ജില്ലാ റിസോഴ്സ് പേഴ്സണുകളുടെ സഹായം ലഭ്യമാണ്. കൂടാതെ KIED എന്ന സ്ഥാപനവും പരിശീലനം നൽകുന്നുണ്ട്.

(സി) ഇല്ലെങ്കിൽ അത്തരം പരിശീലന പരിപാടികൾ തുടങ്ങാനാവശ്യമായ നടപടി സ്വീകരിക്കുമോയെന്നറിയിക്കാമോ?

സംരംഭകർക്കാവശ്യമായ പരിശീലനം നൽകുന്നതിലേയ്ക്കായി എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ഓരോ ജില്ലാ റിസോഴ്സ് പേഴ്സണുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. പാലക്കാട് ജില്ലയിൽ 3 ജില്ലാ റിസോഴ്സ് പേഴ്സണുകളുടെ സഹായം ലഭ്യമാണ്. കൂടാതെ KIED എന്ന സ്ഥാപനവും പരിശീലനം നൽകുന്നുണ്ട്.

**പൊതുമേഖലാ സ്ഥാപനങ്ങളിലെ അസംസ്കൃത വസ്തുക്കളുടെ വാങ്ങലും വിൽപ്പനയും**

172 (1902) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്പിന്നിംഗ് മില്ലുകൾ എന്നിവയിൽ 2020-21, 2021 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലയളവിൽ അസംസ്കൃത വസ്തുക്കൾ വാങ്ങിയതിന് വന്ന ചെലവും ഉൽപ്പന്നം വിറ്റതിന് ലഭിച്ച തുകയും എത്രയാണ്?

പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്പിന്നിംഗ് മില്ലുകൾ എന്നിവയിൽ 2020-21, 2021 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലയളവിൽ അസംസ്കൃത വസ്തുക്കൾ വാങ്ങിയതിന് വന്ന ചെലവും ഉൽപ്പന്നം വിറ്റതിന് ലഭിച്ച തുകയും സംബന്ധിച്ച വിവരം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.